


ദീപനാളം
കുട്ടികളോടൊപ്പം



ഹായ് കൂട്ടുകാരേ...

നിങ്ങളെന്താണ് ആലോചിക്കുന്നത്? കണ്ടതും കേട്ടതുമായ പല കാര്യങ്ങളും നിങ്ങൾക്കുണ്ടെന്നറിയാം. അവയൊന്ന് വരച്ചെടുക്കണമെന്നു തോന്നുന്നുണ്ടോ? അതോ അതു കഥയായി, കവിതയായി, ലേഖനമായി കുത്തിക്കുറിക്കണമെന്നാണോ? മടിക്കേണ്ട, നിങ്ങൾക്കിഷ്ടമുള്ളതു തയ്യാറാക്കി ഞങ്ങൾക്ക് അയയ്ക്കുക. ഉചിതമായത് പ്രസിദ്ധീകരിക്കുന്നതാണ്.

വിലാസം : പ്രതിഭ, ദീപനാളം വാരിക, പാലാ, പിൻ – 686 575
E-mail : editordeepanalam@gmail.com, Mob : 7306874714

# അവസാനിക്കുമോ അസാൻജിയൻ ജേർണലിസം?






**ആഷിൻ അനിൽ മേലേടം**
ബി.എ. ഹിസ്റ്ററി
സെന്റ് തോമസ് കോളജ്
പാലാ

**പ**ത്രസ്വാതന്ത്ര്യത്തിന്റെ പ്രഖ്യാപിതസംരക്ഷകരാണ് പാശ്ചാത്യരാജ്യങ്ങളും അമേരിക്കൻ ഐക്യനാടുകളും. പത്രസ്വാതന്ത്ര്യത്തെക്കുറിച്ചുള്ള സൂചികകൾ തയ്യാറാക്കിയും പട്ടികകൾ നിരത്തിയും അവർ ലോകരാഷ്ട്രങ്ങളെ വിമർശിക്കും. വിമർശനമാനദണ്ഡങ്ങൾ അംഗീകരിച്ചാലും ഇല്ലെങ്കിലും ഒരു കോർപറേറ്റോക്രസിക്കുള്ളിലാകും. തന്മൂലം ഈ മാനദണ്ഡങ്ങൾ എല്ലാ ജനതയെയും സംസ്കാരങ്ങളെയും ഉൾക്കൊള്ളുന്നുണ്ടോ എന്നത് ഇപ്പോഴും ഒരു സമസ്യയായി നിലനിൽക്കുന്നു.

ജൂലിയൻ അസാൻജിനെ മുൻനിർത്തിയാണ് ഇവിടെ പത്രസ്വാതന്ത്ര്യത്തിന്റെ മാനദണ്ഡങ്ങൾ ചോദ്യം ചെയ്യപ്പെടുന്നത്. മാധ്യമലോകത്തിനു മുന്നിലെ ഭരണാധികാരികളുടെ ഗിമ്മിക്കുകൾമാത്രമല്ല ഫ്രീഡം ഓഫ് പ്രസെന്ന് പാശ്ചാത്യലോകം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

2006 ലാണ് ജൂലിയൻപോൾ അസാൻജ് വിക്കിലീക്ക്സ് സ്ഥാപിക്കുന്നത്. ലോകം അന്നുവരെ വിശ്വസിച്ചുപോന്നിരുന്ന പലതിന്റെയും പൊളിച്ചെഴുത്തായിരുന്നു പിന്നീടു സംഭവിച്ചത്. അമേരിക്കൻഗവൺമെന്റിനെയും സൈന്യത്തെയും സമ്മർദത്തിലാക്കുന്ന നിർണായകമായ പല വിവരങ്ങളും വിക്കിലീക്സിലൂടെ ജൂലിയൻ അസാൻജ് പുറത്തുവിട്ടു.

2010 ൽ ഇറാഖ് അധിനിവേശത്തെ സംബന്ധിക്കുന്ന വീഡിയോ പ്രസിദ്ധീകരിച്ചുകൊണ്ടാണ് വിക്കിലീക്സ് മാധ്യമലോകത്തേക്കു ചുവടുവയ്ക്കുന്നത്. 2007 ൽ അമേരിക്കൻ ഹെലികോപ്റ്റർ ആക്രമണത്തിൽ രണ്ട് റോയ്റ്റേഴ്സ് മാധ്യമപ്രവർത്തകരും 16 സിവിലിയൻസും ഇറാക്കിൽ കൊല്ലപ്പെട്ടിരുന്നു. ഇത് ശത്രുക്കളുടെ ആക്രമണത്തിലായിരുന്നുവെന്നാണ് അമേരിക്കൻ അവകാശവാദം. എന്നാൽ, അതു വെറും അവകാശവാദംമാത്രമാണെന്നും 'സത്യം' ധാരണകൾക്കും വാദങ്ങൾക്കുമപ്പുറമാണെന്നും ലോകം തിരിച്ചറിയുകയായിരുന്നു.

ഇതിനുശേഷവും സുപ്രധാനമായ പല രേഖകളും അസാൻജ് പുറത്തുവിട്ടു. ഇതോടെ, ഒബാമ ഭരണകൂടത്തിന്റെ നോട്ടപ്പുള്ളിയായി ജൂലിയൻ പോൾ അസാൻജ്. ഇതിനെതിരേയുള്ള പ്രതികാര നടപടിയെന്നോണം 2010 ൽ അസാൻജിനെ അറസ്റ്റു ചെയ്യാൻ സ്വീഡിഷ് കോടതി ഉത്തരവിട്ടു. ആ വർഷംതന്നെ യു.കെയിൽ അദ്ദേഹം അറസ്റ്റിലായി. ജാമ്യം ലഭിച്ചതിനുശേഷം 2012 ൽ അസാൻജി ഇക്വഡോറിൽ രാഷ്ട്രീയാഭയം പ്രാപിച്ചു. എന്നാൽ, ഇക്വഡോറിനുമേൽ സമ്മർദം ചെലുത്തിയതിന്റെ പ്രതിഫലനമെന്നോണം രാജ്യം രാഷ്ട്രീയാഭയം പിൻവലിച്ചു. ഇതോടെ, യുകെ പൊലീസ് അസാൻജിനെ വീണ്ടും അറസ്റ്റു ചെയ്തു. അതിനുശേഷവും വിക്കിലീക്സിലൂടെ വിവരങ്ങൾ പുറത്തുവന്നുകൊണ്ടേയിരുന്നു. അസാൻജിനെ അമേരിക്കയ്ക്കു വിട്ടുനൽകണമെന്ന ആവശ്യം ഇതോടെ ശക്തമായി. വധശിക്ഷയ്ക്കു വിധിക്കില്ലെന്ന് അമേരിക്ക ഉറപ്പു നൽകിയതോടെ അസാൻജിനെ ബ്രിട്ടൻ അമേരിക്കയ്ക്കു കൈമാറി. ഇതേസമയം, അദ്ദേഹത്തിനെതിരേയുള്ള നിയമനടപടികൾ അവസാനിപ്പിക്കണമെന്ന് ഓസ്ട്രേലിയ ആവശ്യപ്പെട്ടു. അസാൻജ് കോടതിയിൽ ഹാജരാവുകയും നീണ്ടകാലത്തെ നിയമനടപടികൾ മുൻനിർത്തി തന്നെ വിട്ടയയ്ക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

ഒരുപക്ഷേ, അയാൾ കുറ്റവിമുക്തനാക്കപ്പെട്ടേക്കാം, വിക്കിലീക്സിന്റെ പ്രവർത്തനം നിലച്ചെന്നും വരാം. എന്നാൽ, വിക്കിലീക്സിലൂടെ അസാൻജ് തുടങ്ങിവച്ച നവീനമാധ്യമപ്രവർത്തനശൈലി കോർപ്പറേറ്റ് മാധ്യമപ്രസ്ഥാനങ്ങളെ കൂട്ടുപിടിച്ച് വാർത്തകൾ അനുകൂലമായി പാശ്ചാത്യവത്കരിക്കുന്ന, ഡേറ്റകൾ തങ്ങളുടെ പക്കൽ സുരക്ഷിതമെന്നു കരുതുന്ന പല ഭീമാകാരമായ ഭരണകൂടങ്ങളെയും ഭയപ്പെടുത്തിയേക്കാം.






**അപർണ രാജ്**
ക്ലാസ് X
ജി.എച്ച്.എസ്.എസ്.
പാളയംകുന്ന്
വർക്കല

# മൊണാലിസ

വെറുമൊരു രൂപമോ മൊണാലിസേ നീ
ചിത്രമോ അതോ ചരിത്രമോ
കാലമെന്നേക്കുമോർക്കും കഥയോ നീ
കാലങ്ങൾ താണ്ടും പഴങ്കഥയോ?

ഏതു ദിക്കിലേക്കെത്തുന്നു നോട്ടവും
ആരെയാരെ തിരയുന്നു നീ സഖീ
നിന്റെ ദൃഷ്ടി പതിയുന്നതെവിടെയോ
നിന്റെ സൃഷ്ടി ഒരദ്ഭുതസത്യമോ?

ചിത്രസുന്ദരീ, മറക്കില്ല നിന്നെയും
തിരയുന്നു ലോകചരിത്രത്തിലാകവേ
ആണായി പെണ്ണായി മാറുന്ന നീയാരോ
ദുരൂഹത പേറുന്ന സുന്ദരിപ്പെണ്ണാണോ?

ഡാവിഞ്ചിതൻ അമ്മയായിക്കരുതിയോ
ദാവണി ചൂടാത്ത പെൺകൊടിയോ നീ
കൈകൾ നിന്നുദരം മറയ്ക്കുന്നതെന്തുവോ
ഗർഭം ധരിച്ചോ മറയ്ക്കുവാനോ സഖീ?

മാറിടമില്ലന്നു ചൊല്ലുന്നു ചിന്തകർ
താറടിച്ചീടുവാൻ തന്നെയോ നിന്നെയും
മേലാകെ എഴുതി വരച്ചതും എന്തുവോ
തേടിയലയുന്നു പൂമേനിയാളെ ഞാൻ

ചരിത്രവും ചിത്രവും നോക്കി നോക്കി
എത്രയും സുന്ദരി ചിത്രമനോഹരീ
സത്യത്തിലാരു നീ എങ്ങനെ വന്നു നീ
മൊണാലിസേ...പ്രിയ മൊണാലിസേ....

# ഉത്തരക്കടലാസ്




**ഡോണ സൂസൻ എബ്രാഹം**
എം.എ. ഇംഗ്ലീഷ്
സി.എം.എസ്. കോളജ്
കോട്ടയം


"പരീക്ഷ എങ്ങനെയുണ്ടായിരുന്നു?"

കുഞ്ഞിക്കണ്ണൻ കേളുവിനോടു ചോദിച്ചു.

"കുഴപ്പമില്ലായിരുന്നു. അല്ലെങ്കിലും കണക്കുമാത്രമേ എനിക്കു മനസ്സിനു പിടിക്കത്തൊള്ളൂ." കേളു കുഞ്ഞിക്കണ്ണനെയൊന്നു കണ്ണിറുക്കിക്കാണിച്ചു. ഒഴുകുന്ന തോടു മുറിച്ചുകടക്കുമ്പോൾ വഴുക്കലുള്ള കല്ലിൽ തട്ടി കുഞ്ഞിക്കണ്ണനു കാലിടറി. എങ്കിലും, രണ്ടുപേരും അതു വകവയ്ക്കാതെ അവരുടെ വീടുകളിലേക്കോടി. പരീക്ഷയ്ക്കുശേഷം പ്ലാവിലക്കുമ്പിളിൽ കോരിക്കുടിക്കുന്ന കഞ്ഞിക്കും ചമ്മന്തിക്കും ഒരു പ്രത്യേക സ്വാദാണ്. വാരിയിട്ട ഓലക്കീറുകൾ ഉണക്കുന്ന തത്രപ്പാടിലായിരുന്നു കേളുവിന്റെ അമ്മ. അന്ന് കേളുവിന്റെ അമ്മ വിളമ്പിയ ചോറ് വയറു നിറച്ചു കഴിച്ചാണ് കേളുവും കുഞ്ഞിക്കണ്ണനും പിരിഞ്ഞത്. ദിവസങ്ങൾ കടന്നുപോയി. പോക്കുവെയിലിന്റെ തളർച്ചയിൽ ക്ലാസിലിരുന്ന് ഉറക്കംതൂങ്ങിയ കേളുവിനെ ഉണർത്തിയത് തങ്കപ്പൻമാസ്റ്ററുടെ സ്വരമായിരുന്നു.



"കുട്ടികളേ, കണക്കിന്റെ ഉത്തരക്കടലാസ് ഞാൻ നോക്കിയിട്ടുണ്ട്. പ്രതീക്ഷിച്ചതുപോലെ പലരും എഴുതിയിട്ടില്ലല്ലോ." തന്റെ കട്ടിക്കണ്ണടയുടെ ചില്ലിലൂടെ മാസ്റ്റർ എല്ലാവരെയും ഒന്നൂളിയിട്ടു നോക്കി. മാസ്റ്റർ ഓരോരുത്തരെയായി വിളിച്ച് ഉത്തരക്കടലാസുകൾ കൊടുക്കാൻ തുടങ്ങി. തന്റെ പേരു വിളിക്കുന്നതും കാത്ത് കേളു അക്ഷമനായി.

"കേളപ്പനും കൃഷ്ണൻനായരും ഇങ്ങുവരൂ."

അപ്രതീക്ഷിതമായി തങ്കപ്പൻമാസ്റ്ററുടെ കനപ്പെട്ട ശബ്ദം ഒരിടിത്തീപോലെ കേളുവിന്റെ നെഞ്ചിൽ തറച്ചുകയറി. മുൻബെഞ്ചിലിരുന്ന കൃഷ്ണൻനായരും, പിൻബെഞ്ചിലിരുന്ന കേളുവും മാസ്റ്ററിന്റെ അടുത്തേക്കു നീങ്ങി.

"നിങ്ങളുടെ രണ്ടുപേരുടെയും ഉത്തരക്കടലാസിൽ ഒരു പ്രശ്നമുണ്ടല്ലോ."

മുഖം ചുളിച്ചുകൊണ്ട് തങ്കപ്പൻമാസ്റ്റർ രണ്ടുപേരെയും നോക്കി.

"എട്ടാമത്തെ ചോദ്യത്തിന്റെ ഉത്തരം രണ്ടുപേർക്കും തെറ്റാണല്ലോ. തെറ്റാണെന്നുമാത്രമല്ല, രണ്ടുപേരുടെയും ഉത്തരവും ഒന്നുതന്നെയാണല്ലോ. വഴിക്കണക്കും ഒരുപോലെ. സത്യം പറയൂ. ആരാണു കോപ്പിയടിച്ചത്?"

തന്റെ അടുത്തിരുന്ന കൃഷ്ണൻനായർ തന്റെ ഉത്തരക്കടലാസിൽ നോക്കുന്നത് പരീക്ഷ എഴുതുന്ന തത്രപ്പാടിൽ താൻ ശ്രദ്ധിക്കാഞ്ഞത് ഒരു ഞെട്ടലോടെ കേളു ഓർത്തു.

"ഞാൻ കോപ്പിയടിച്ചില്ല മാസ്റ്ററേ." ഒട്ടും കൂസലില്ലാതെ കൃഷ്ണൻനായർ പറയുന്നത് ഒരാന്തലോടെ കേളു കേട്ടു.

"മാസ്റ്ററേ, ഞാൻ കഷ്ടപ്പെട്ട് എഴുതിയതാണ്, കൃഷ്ണൻനായർ എന്റെ കടലാസിലേക്ക് എത്തിനോക്കുന്നതു ഞാൻ കണ്ടതാണ്."

പതറിയ സ്വരത്തോടെ കേളു പറഞ്ഞു. അപ്പോഴേക്കും ക്ലാസ് മുറിയുടെ പല ഭാഗത്തുനിന്നും മുറുമുറുപ്പുകൾ ഉണ്ടായി.

"ഈറ്റ വിറ്റു നടക്കുന്ന ഇവന്റെ ഉത്തരം എനിക്കെന്തിനാണു മാഷേ?" കൃഷ്ണൻനായർ ഹുങ്കോടെ ചോദിച്ചു.

ശരിയാണ്, കൃഷ്ണൻനായരുടെ അച്ഛൻ സ്ഥലത്തെ ജന്മിയാണ്. തന്റെ അപ്പനാണെങ്കിൽ ഒരു പാവം ഈറ്റവെട്ടുകാരനും. കാടും മലയും കയറി ഈറ്റ തേടുന്ന തന്റെ അച്ഛന്റെ ചിത്രം കേളുവിന്റെ മനസ്സിലേക്ക് ഓടി വന്നു. തങ്കപ്പൻമാസ്റ്റർ ഒന്നിരുത്തി മൂളി, കൃഷ്ണൻനായരോടു ബെഞ്ചിലേക്കു തിരിച്ചുപോകാൻ ആംഗ്യം കാണിച്ചു. തന്റെ കൈയിലുണ്ടായിരുന്ന ചൂരൽവടികൊണ്ട് കേളുവിന്റെ കൈയിൽ തങ്കപ്പൻമാസ്റ്റർ മൂന്നാലുപ്രാവശ്യം ആഞ്ഞടിച്ചു. ഒരു കുറ്റവാളിയെപ്പോലെ കേളു ക്ലാസിനുമുമ്പിൽ തലകുനിച്ചുനിന്നു. ജാതിയുടെ മുമ്പിൽ സത്യം തോറ്റുപോയതിന്റെ അടയാളമായി അവന്റെ കൈവെള്ളയിൽ മൂന്നു ചുവന്ന പാടുകൾ തിണർത്തുകിടന്നു.

---

# സമ്മാനം






**ആതിര അജിത്ത്**
ക്ലാസ് IX
സെന്റ്
സെബാസ്റ്റ്യൻസ്
എച്ച്.എസ്.എസ്.
അയർക്കുന്നം


ബാലുവിന്റെ അച്ഛൻ ഗൾഫിൽനിന്നു വന്നിട്ടുണ്ട്. അവന് ഒത്തിരി സമ്മാനങ്ങളും കൊണ്ടുവന്നിട്ടുണ്ട്. അവന് അതെല്ലാം സ്കൂളിൽ കൊണ്ടുപോയി കാണിക്കാൻ തിടുക്കമായി. നേരംപുലരാൻ അവൻ കാത്തിരുന്നു.

ബാലുവിന്റെ ക്ലാസിൽ പാവപ്പെട്ട വീടുകളിലെ കുട്ടികൾ ഒത്തിരിപ്പേർ പഠിക്കുന്നുണ്ട്. തന്റെ കൈയിലുള്ള സാധനങ്ങൾ കണ്ട് അവർ കൊതിക്കുന്നത് ബാലു മനക്കണ്ണിൽ കണ്ടു.

എന്നും എട്ടു മണിയാവുമ്പോൾ ഉണരുന്ന ബാലു അന്ന് ആറുമണിക്കുതന്നെ എഴുന്നേറ്റു കുളിച്ചു ഭക്ഷണം കഴിച്ചു റെഡിയായി. വേഗം സ്കൂളിൽ എത്തിയാൽ മതിയെന്നതായിരുന്നു ചിന്ത. സ്കൂൾ ബസ് വീടിന്റെ പടിക്കൽ വന്ന് ഹോണടിച്ചാൽപോലും ഇറങ്ങാത്ത അവൻ അന്ന് നേരത്തേയിറങ്ങി ബസ് കാത്തുനിന്നു. ബസിലും ബസ് സ്റ്റോപ്പിലുമൊക്കെ പല ക്ലാസ്സുകളിലെ കുട്ടികളുണ്ടാവും, അവർക്കൊക്കെ കാണിച്ചുകൊടുക്കണം. അവൻ ബാഗ് തോളിൽ തൂക്കി. അച്ഛൻ കൊണ്ടുവന്ന ബോക്സ് കവറിലിട്ട് കൈയിലും തൂക്കിപ്പിടിച്ചു.

ഇറങ്ങാൻനേരം പതിവായി മുത്തം കൊടുക്കുന്ന അച്ഛമ്മ അവന്റെ അരികിൽ വന്നു. പതുക്കെ കൈയിലിരുന്ന കവർ വാങ്ങി. എന്നിട്ടു പറഞ്ഞു: "മോനേ, അച്ഛൻ കൊണ്ടുവന്ന സാധനങ്ങളൊന്നും സ്കൂളിലേക്ക് കൊണ്ടുപോകരുത്. ഇന്നു മാത്രമല്ല ഒരിക്കലും കൊണ്ടുപോകരുത്."

"അതെന്താ?" അവനു സങ്കടമായി.

"ഇത്തരം സാധനങ്ങളൊന്നും കണ്ടിട്ടുകൂടിയില്ലാത്ത പല കുട്ടികളും നിന്റെ ക്ലാസ്സിലുണ്ട്. അവരുടെ കുഞ്ഞുമനസ്സ് ആഗ്രഹിച്ചുപോകും. അവർക്കതു കിട്ടിയില്ലെങ്കിൽ വിഷമമാവും. നീ അത് അവർക്കുകൂടി കൊടുക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽമാത്രം സ്കൂളിൽ കൊണ്ടുപോയാൽമതി."

അവൻ കുറെ മിഠായികൾ കൈയിലെടുത്തു. എന്നിട്ട് അച്ഛമ്മയോടു പറഞ്ഞു:

"എല്ലാവർക്കും കൊടുക്കാൻ മാത്രം എണ്ണമുള്ളത് ഇതുമാത്രമല്ലേയുള്ളൂ."

അച്ഛമ്മയ്ക്കു സന്തോഷമായി.

അവന്റെ കവിളിലൊരു മുത്തംകൂടി കൊടുത്ത് അച്ഛമ്മ അവനെ യാത്രയാക്കി.

---



# പാറിനടക്കാം...




**ദക്ഷേഷ് എസ്. നായർ**
ക്ലാസ് V
സേക്രഡ് ഹാർട്ട്
പബ്ലിക്സ്കൂൾ
കോട്ടയം


പാറുന്നങ്ങനെ പാറുന്നേ
പക്ഷികണക്കെ പാറുന്നേ...
എല്ലാ സ്ഥലവും പാറിനടക്കാം
അതിരില്ലാതെ പാറിനടക്കാം...
ചെലവില്ലാതെ പാറിനടക്കാം...

ചിറകുണ്ടെങ്കിലുമില്ലേലും
മനസ്സിനുള്ളിൽ പാറിനടക്കാം
ഒരുനിമിഷംകൊണ്ടെവിടെയുമെത്താം
മാനത്തിൽ നീലാകാശത്തിൽ
പാറിപ്പറന്നു നടക്കാം...

അതിരില്ലാലോകത്തിൽ
അതിരില്ലാകാശത്തിൽ
അതിരില്ലല്ലോ മരണത്തിനും
പാറാൻ വേറേ വഴിയില്ലല്ലോ
മനസ്സിനുള്ളിൽ പാറിനടക്കാം...

# റെയിൽവേയിലെ 'ചെറിയ' പണിക്കാരൻ



കഥ
സെലീന ജയ്മോൻ
ക്ലാസ് XI
സെന്റ് സെബാസ്റ്റ്യൻസ്
എച്ച്.എസ്.എസ്.
അയർക്കുന്നം

വയസ്സായ ഒരമ്മ കുറേ നേരമായി റെയിൽവേ സ്റ്റേഷനിലെ ബെഞ്ചിലിരിക്കുന്നു. വളരെ നേരമായിട്ടും വണ്ടിയൊന്നും കാണാതിരുന്നതുകൊണ്ട് അവർ ആ വഴിപോയ ഒരു പോർട്ടറോടു കാര്യമന്വേഷിച്ചു. വളരെക്കുറച്ചു വണ്ടികൾമാത്രം കടന്നുപോകുന്ന ഒരു ചെറിയ സ്റ്റേഷനായിരുന്നു അത്. അവർക്കു പോകാനുള്ള തീവണ്ടി വളരെനേരം മുമ്പു തന്നെ പോയിക്കഴിഞ്ഞ കാര്യം അവർക്കറിയില്ലായിരുന്നു.

പോർട്ടർ ചോദിച്ചു: "അമ്മയെങ്ങോട്ടാണ്?"

"ഡൽഹിക്ക്." അവർ മറുപടി പറഞ്ഞു.

"അയ്യോ! ഡൽഹിക്കുള്ള വണ്ടി പോയല്ലോ. ഇനി നാളെയേ വണ്ടിയുള്ളൂ." പോർട്ടർ പെട്ടെന്നു പറഞ്ഞു. അവർ വല്ലാതെ വിഷമിച്ചു. ഇതു കണ്ടപ്പോൾ പോർട്ടർ പറഞ്ഞു: "സാരമില്ല അമ്മേ, അമ്മയ്ക്ക് ഒരു ദിവസം എന്റെ വീട്ടിൽ താമസിക്കാമല്ലോ.'' അയാൾ അമ്മയുടെ കൈയിലുണ്ടായിരുന്ന സഞ്ചി വാങ്ങി കൈയിൽ പിടിച്ചിട്ട് മുമ്പേ നടന്നു. പോകുന്ന വഴിയിൽ അയാൾ ചോദിച്ചു: "അമ്മയുടെ ആരാണ് ഡൽഹിയിലുള്ളത്?"

"എന്റെ മോന് ഡൽഹിയിലാണ് ജോലി. റെയിൽവേയിൽ എന്തോ ജോലിയാണ്."

അയാൾ അമ്പരന്ന് അമ്മയെ നോക്കി എന്നിട്ടു ചോദിച്ചു: "എന്താണ് മകന്റെ പേര്?"

''ഞാനവനെ ലാൽ എന്ന് വിളിക്കും. നാട്ടുകാർ ലാൽബഹദൂർ എന്നു വിളിക്കും."

ഞെട്ടിപ്പോയ പോർട്ടർ ഉടൻ അധികൃതരെ വിവരം അറിയിച്ചു. റെയിൽവേ ഉദ്യോഗസ്ഥർ മുഴുവൻ പാഞ്ഞെത്തി അമ്മയ്ക്കുവേണ്ട സൗകര്യങ്ങളൊരുക്കി. ഈ സന്നാഹങ്ങൾ കണ്ട് അമ്മ ഇത്തിരിയൊന്നു ഭയന്നു. മുന്തിയ കാറും എല്ലാവിധ സൗകര്യങ്ങളുമൊരുക്കി അവർ ആ അമ്മയെ യാത്രയാക്കി!

ആ അമ്മ അക്കാലത്തെ റെയിൽവേ ക്യാബിനറ്റ് മന്ത്രി ലാൽബഹദൂർ ശാസ്ത്രിയുടെ അമ്മയായിരുന്നു. ഡൽഹിയിലെത്തി മകനെ കണ്ടപ്പോൾ അമ്മ ചോദിച്ചു: "മോനെന്താ റെയിൽവേയിൽ പണി? റെയിൽവേ ഉദ്യോഗസ്ഥരോടു ചോദിച്ചിട്ട് അവരൊന്നും പറഞ്ഞില്ല."

അദ്ദേഹം വളരെ ഭവ്യതയോടെ മറുപടി പറഞ്ഞു: "ഒരു ചെറിയ പണിയുണ്ടമ്മേ... കുറച്ചു കാലത്തേക്ക്..."

അതാണ് ഇന്ത്യയുടെ രാഷ്ട്രശില്പികൾ.

ഇന്നുള്ളവരോ...!!



കവിത
ക്രിസ്റ്റി ജൂഡി
ക്ലാസ് VIII
സെന്റ് മേരീസ്
എച്ച്.എസ്.എസ്.
കിടങ്ങൂർ

## ബാല്യം

ഓർക്കുന്നു ഞാനെന്റെ ബാല്യകാലം
ഓർമകൾ മങ്ങാത്ത ബാല്യകാലം
വർണങ്ങൾ പൂത്തുലയുന്നതാം
സുന്ദരകാലമെൻ ബാല്യകാലം
അച്ഛനോടമ്മയോടൊത്തു ചേർന്ന്
തുള്ളിക്കളിക്കുന്ന ബാല്യകാലം
ഓർക്കുന്നു ഞാനെന്റെ ബാല്യകാലം
ഓർമകൾ മങ്ങാത്ത ബാല്യകാലം
മുറ്റത്തു പൂക്കളം തീർക്കുന്ന നാളിൽ
മുക്കുറ്റി തേടിയ ബാല്യകാലം
കുയിലമ്മപ്പെണ്ണിന്റെ പാട്ടുകേട്ട്
നിദ്രയിലാണ്ടൊരെൻ ബാല്യകാലം
ഓർക്കുന്നു ഞാനെന്റെ ബാല്യകാലം
ഓർമകൾ മങ്ങാത്ത ബാല്യകാലം

## എന്റെ വര





ഹൃദ്യ കെ.
ക്ലാസ് VIII
ജി.എച്ച്.എസ്.എസ്.
പട്ടിക്കാട്, മലപ്പുറം

കവിത

# അവതാര പുരുഷൻ



അരുതു നിഷാദരേ, ഹിംസിക്ക വേണ്ടിനി
ഉലകൊരു മഹാതിമിരാങ്കണംപോലവേ,
മനുജപതനചക്രം യഥോചിതം
മനുജരവർ സ്വയമേവ തിരിക്കവേ.

ആശയാസക്തിയാഗ്രഹവിഭ്രമം
മന്നിലിന്നു മഹാമാരിയായ് പെയ്യവേ,
ക്രൂരക്രോധകാമാശപാശങ്ങളെ
തമ്മിലെയ്യുവാൻ മർത്ത്യരോ വെമ്പുന്നു.

ഇല്ലയീ ഭുവനത്തിലോ സദ്ഗുണർ
ഇല്ല സത്യധർമാദിക്കനുചരർ,
ഇല്ല നാകനരകാദികളെങ്കിലോ
ദൈത്യചിത്തരാം മർത്ത്യരോ മേവുന്നു.

ഈ വിധം അന്ധകാരം നിറഞ്ഞൊരീ
കാലമേ, നിനക്കാശു പേർ പൂർവജർ,
അന്ത്യകാലമിതെന്നു നൽകീടിലും
അന്ത്യമില്ലേ വൃഥാ എന്തിനീ താമസം?

ഉന്നതരായ് ചമഞ്ഞവരഹങ്കരി-
ച്ചുണ്ണുവാൻ നൽകിയില്ല തൻ താതനും,
ജന്മം നൽകിയ മാതാവിനും പുന-
രുണ്ടു വൃദ്ധമന്ദിരമേയാശ്രയം.

ഊഴിതന്നിൽ നിറഞ്ഞോരു ജീവനിൽ
ഉന്നതബുദ്ധിജീവിതൻ ഗർവതിൽ,
സർവസഹജന്മസൃഷ്ടിയിൽ പുച്ഛവും
സഹജരിൽ നിറരൂപവൈരവും.

ഋതുപൂർണതകൈവരും മുമ്പിനാൽ
പെരുതായ വിഭ്രാന്തിതൻ മൂലമായ്,
വർണശോഭ വിടർത്തും മുകിലിനെ
പിച്ചിച്ചീന്തുന്നു കാമനരാധമർ.

എത്ര മാംസം ഭുജിക്കിലും തൃപ്തിപോ-
രൊട്ടു തത്കരപാദദേഹിയെ പ്രാകൃതം,
സേവചെയ്തിടും ദാനവർ മാനുഷർ
രാജ്യഭാരങ്ങളേറുന്നു നിഷ്ഭ്രമം.

ഏറെമോദാൽ ഒരുതരി വറ്റിനായ്
ചേതനയറ്റുപോകുംവരെ ചിലർ,
വേലചെയ്യുന്നു സ്വപ്നങ്ങൾ പേറിനി-
ന്നൊന്നുമില്ലാതെ ചത്തുപോകുന്നിവർ.

ഐകമത്യം മഹാബലം ചൊല്ലിനി-
ന്നൊട്ടു സാധുജനങ്ങളെ കട്ടുപോയ്,
ഉണ്ടുറങ്ങി ഉറഞ്ഞുതുള്ളുന്നിതാ
സമ്പത്തുള്ളവൻ സാധുമേൽ മർദനം.

ഒന്നുകൊണ്ടും തികയാത്തവസ്ഥയിൽ
ജന്മജന്മാന്തരങ്ങൾക്കു ഹേതുവാം,
സർവകർമനിയന്താവ് തൻ പേര്
വ്യാപരിക്കുന്നു മാനുഷർ സ്വത്തിനായ്.

ഓർമ പേറാഞ്ഞു മത്സരദാഹികൾ
ഒന്നുതന്നേയിതെല്ലാമതോർക്കാതെ,
നിന്റെ നാമമതെന്തെന്നു ചൊല്ലിയി-
ന്നങ്കം പേറുന്നു ലോകം മുടിക്കുന്നു.

ഈവഴി നിൻ പുരാണങ്ങളൊക്കെയും
വേദപുസ്തകശാഖികളിലെവിടെയോ,
അന്ത്യകാലം തവയുക്തിഭൂതമായ്
വന്നവതാരം ഏൽക്കുമെന്നത്രയോ.

അംബരംതൊട്ടനീതിക്കു നാശമായ്
കർമഭൂമിക്കു സംരക്ഷണത്തിനായ്,
സത്യധർമപുനഃസ്ഥാപനത്തിനായി
ജന്മമേൽക്കും അവതാരമെങ്ങഹോ!

അവതാരങ്ങളുണ്ടായ് യുഗാന്തരേ
നിൻ കർമചക്രപരിത്രാണനത്തിനായി,
ഇന്നു ലോകപുനക്രമഹേതുവാം
നമ്മളോ ഹന്തവതാരപൂരുഷർ!



അച്യുത് കെ. എസ്.
ബി.എ.
പൊളിറ്റിക്കൽ സയൻസ്
സെന്റ് തോമസ് കോളജ് പാലാ

# കൊഴിഞ്ഞ തൂവലുകൾ



**അൽദിയ എസ്.**
ക്ലാസ് IX
എൻ.എസ്.വി.വി. എച്ച്.എസ്.സ്.
വളാക്കോട്, പുനലൂർ

കഥ

**വി**ജനമായ ആ പാതയിലൂടെ അവൾ മുന്നോട്ടു നടന്നു. അവളുടെ മനസ്സുനിറയെ പേടിയായിരുന്നു. ബസ് ഇത്രയും വൈകുമെന്നു കരുതിയില്ല. ഏഴു മണിക്കു പുനലൂരിൽ എത്തുമെന്നു പറഞ്ഞിട്ട് വന്നത് ഒമ്പതരയോടെയാണ്. പാതയുടെ ഇരുവശങ്ങളിലായി നിറഞ്ഞു നിന്ന ഗുൽമോഹർ മരങ്ങൾ ചുവന്ന പൂക്കൾ പൊഴിച്ച് അവളെ വരവേറ്റു. ഇന്നലത്തെ രാത്രിമഴയിൽ ഉതിർന്നുവീണ അവ പാതയെ അലങ്കരിച്ചിരുന്നു. ഇളംകാറ്റ് അവളുടെ മുടിയിഴകളെ തഴുകി, കടന്നുപോയി.

അവൾ വീട്ടിലെത്തി. കതകു തുറന്നുകിടക്കുകയായിരുന്നു. അകത്തുകയറി കതകടച്ച ഉടൻ തന്നെ തന്റെ മകൾ എവിടെയെന്നാണ് ആദ്യം തിരക്കിയത്. കട്ടിലിൽ കിടക്കുന്ന മകളുടെ നെറ്റിമേൽ ഇന്ദു കൈകൾ വച്ചു. ചെറുതായിട്ട് ചൂടുണ്ട്...! ഉറക്കത്തിലാണ്ട മകളെ ശല്യം ചെയ്യാതെ അവൾ അടുക്കളയിലേക്കു ഒന്നുപാളിനോക്കി. ഇനി അങ്ങോട്ടു കയറാൻ വയ്യ...!

തുടർച്ചയായുള്ള യാത്ര അവളെ ആകമാനം തളർത്തിയിരുന്നു. ഇട്ടിരുന്ന വസ്ത്രങ്ങൾ പോലും മാറാതെ, ശൂന്യമായ വയറോടെ അവൾ മകൾക്കരികിൽ കിടന്നു. ഭർത്താവ് വീട്ടിലില്ലാത്ത കാര്യംപോലും ഓർമിക്കാൻ നിൽക്കാതെ അവൾ ഉറക്കത്തിന്റെ ആഴങ്ങളിലേക്കു വഴുതിവീണു.

അതിരാവിലെ എഴുന്നേറ്റ്, കുളിച്ച്, മുറ്റം അടിച്ചുകൊണ്ടു നിൽക്കുമ്പോഴാണ് ഭർത്താവിന്റെ വരവ്: "നീ ഇന്നലെ എവിടെ പോയിരുന്നെടീ...?"

അയാളുടെ ചോദ്യം കേട്ടപ്പോൾ അവൾക്കു ദേഷ്യം വന്നു.

'മകളെ നോക്കാതെ വീടിന്റെ കതകും തുറന്നിട്ടു പോയിട്ട്, വെളുപ്പാൻകാലത്തു കയറി വന്ന ഇയാൾക്ക് ഈ ചോദ്യം ചോദിക്കാൻ എന്തവകാശം' എന്നവൾ മനസ്സിൽ വിചാരിച്ചെങ്കിലും ഒരു വാക്കുപോലും അയാളോടു പറഞ്ഞില്ല.

"നീ എന്താ ഊമയായോ...? പോയി ചായ ഇട്ടോണ്ടു വാടീ..."

മുറ്റം അടിക്കുന്നത് പകുതി വഴിക്കു നിർത്തി അവൾ അടുക്കളയിലേക്കു ചെന്നു.

"അമ്മേ, കുറേ ആളുകൾ വരുന്നു."

ഉറക്കം തെളിഞ്ഞു വന്ന മകൾ പറഞ്ഞതുകേട്ട് ഇന്ദു അടുക്കളയിൽനിന്നു പുറത്തേക്കു നോക്കി. തന്റെ ഭർത്താവിന്റെ കുടുംബക്കാരാണ്. അവർക്കു ചായയുമായി ചെന്നപ്പോൾ ഒരു ചെറുക്കൻ ചോദിച്ചു:

"ചേച്ചി ഇപ്പം എന്തു ചെയ്യുന്നു...?"

ഇന്ദുവിനു പറയാൻ അവസരം കൊടുക്കാതെ ഭർത്താവ് ശിവതന്നെ മറുപടി പറഞ്ഞു:

"വയസ്സു മുപ്പതായി. പക്ഷേ, ജോലിയൊന്നും ഇല്ല. ഇപ്പഴും എന്റെ ചെലവിൽത്തന്നെയാണു കഴിയുന്നത്."

അവർ അവളെ നോക്കി പരിഹാസരൂപേണ ചിരിച്ചു. അവൾ സങ്കടം പുറത്തുകാണിക്കാതെ ഒരു പുഞ്ചിരി തൂകാൻ ശ്രമിച്ചു. എന്നാൽ, അവൾക്കതു സാധിച്ചില്ല. ആരൊക്കെയോ ചേർന്ന് അവളുടെ ചുണ്ടുകൾ തുന്നിക്കൂട്ടിയിരിക്കുന്നു. അവളിലെ വാക്കുകളുടെ നദിയെ മണ്ണിട്ടു മൂടിയിരിക്കുന്നു. അവളുടെ സ്വപ്നങ്ങളെ തല്ലിക്കെടുത്തിയിരിക്കുന്നു.

ശിവ പറഞ്ഞതിനുള്ള മറുപടിയായി ജലജക്കുഞ്ഞമ്മ പറഞ്ഞുതുടങ്ങി: "അല്ലേലും ഇപ്പഴത്തെ കാലത്തു പെണ്ണുങ്ങൾ ജോലിക്കു പോന്നെ എന്തോന്നിനാ, വീട്ടിലിരുന്നു ഭർത്താവിനെയും കൊച്ചുങ്ങളെയും നോക്കണം. അല്ലാതെ പഠിക്കാനും പോയി ജോലിയും വാങ്ങിച്ച്, അതിനിറങ്ങിയാൽ അവർക്കെല്ലാം അഹങ്കാരമായിപ്പോകും..."

ഇന്ദുവിന് അവരോടു ദേഷ്യം തോന്നി.

അവർ തുടർന്നു: "ഇപ്പഴത്തെ പെണ്ണുങ്ങളെ പഠിക്കാൻപോലും വിടല്ല്. വിട്ടാൽ നമ്മടെ തലേക്കേറി നെരങ്ങും."

ഇതുകൂടി കേട്ടപ്പോൾ ഇന്ദുവിന് തന്റെ ദേഷ്യം അടക്കാനായില്ല. അവൾ എല്ലാ ധൈര്യവും ആത്മവിശ്വാസവും സംഭരിച്ച് അവരോടു കയർത്തു:

"ഞാനൊന്നു പറയട്ടെ, അടുക്കളയുടെ നാലു ചുമരുകൾക്കുള്ളിൽ പുക തിന്നു ജീവിക്കുന്ന എന്നെപ്പോലുള്ള ജന്മങ്ങളൊന്നും ആഗ്രഹങ്ങളും സ്വപ്നങ്ങളും ഇല്ലാത്തവരല്ല. കുറ്റപ്പെടുത്തലുകൾകൊണ്ടു പൊറുതിമുട്ടിയപ്പോൾ, പാതിവഴിയിൽ എല്ലാം ഉപേക്ഷിക്കേണ്ടിവന്നവരാണ്...!"

"നിനക്കൊക്കെ എന്തു സ്വപ്നമാണുള്ളത്? അല്ലേലും നീ ഒരു പെണ്ണാണ്. നിനക്കു സ്വപ്നം കാണാനുള്ള എന്തേലും അർഹതയുണ്ടോ...?'' ശിവ അവളെ വിമർശിച്ചു.

"അതെന്താ...? ഒരു പെണ്ണായി ജനിച്ചു എന്ന പേരിൽ സ്വപ്നം കാണരുത് എന്ന് ആരെങ്കിലും എവിടെയെങ്കിലും പറയുന്നുണ്ടോ...?"

"ഞങ്ങൾക്കുമുണ്ട് സ്വപ്നങ്ങൾ... ഞങ്ങൾക്കും അതിനുള്ള സ്വാതന്ത്ര്യം വേണം..."

"സ്വാതന്ത്ര്യമോ...? നിനക്കു ഞാൻ അത്യാവശ്യത്തിനു സ്വാതന്ത്ര്യം തരുന്നുണ്ടല്ലോ...! അല്ലേലും നിനക്ക് എന്തിനാ ഇപ്പം സ്വാതന്ത്ര്യം വേണ്ടത്..."

'നിങ്ങൾ തന്നാലേ എനിക്കു സ്വാതന്ത്ര്യം കിട്ടത്തൊള്ളോ? എനിക്ക് നിങ്ങടെ ഔദാര്യം ആവശ്യമില്ല. എനിക്ക് എന്റേതായ സ്വാതന്ത്ര്യം വേണം. പൊട്ടുതൊടാൻ, കണ്ണെഴുതാൻ, ഇഷ്ടമുള്ള വസ്ത്രം ധരിക്കാൻ, കൈനിറയെ വളകൾ ഇടാൻ, രാത്രികളിൽ ഒറ്റയ്ക്കു നടക്കാൻ, കിനാവുകൾ കാണാൻ, സൂര്യാസ്തമയങ്ങൾ കണ്ട് കടൽത്തീരങ്ങളിൽ സമയം ചെലവഴിക്കാൻ, രാത്രികൾ ആഘോഷിക്കാൻ, ലോകം മുഴുവൻ ഒറ്റയ്ക്കു ചുറ്റാൻ, ആർത്താർത്തു ചിരിക്കാൻ, കൂവാൻ, ഉയരങ്ങളിലേക്കു പറക്കാൻ, ഞങ്ങൾക്കും സ്വാതന്ത്ര്യം വേണം...!"

"മതി നിർത്ത്... അധികപ്രസംഗി. ചോദിക്കുന്നതിനുമാത്രം മറുപടി പറഞ്ഞാൽ മതി. അല്ലാതെ വെറുതെ കിടന്നു പ്രസംഗിക്കണ്ട, കേട്ടോടീ..."

"ഓ, എന്നോട് എങ്ങനെ വേണേലും മോശമായി സംസാരിക്കാം, പെരുമാറാം... ഞാനൊന്നു വായ തുറന്നാലോ, അധികപ്രസംഗി. പിന്നെ എന്നെക്കാൾ വലിയ മോശക്കാരി ഈ ലോകത്തുണ്ടാവില്ല. നിങ്ങളൊരുത്തൻ കാരണം എനിക്കു പഠിക്കാനും പറ്റിയില്ല..."

"നിന്നോടല്ലേ മിണ്ടാതിരിക്കാൻ പറഞ്ഞേ... ഇതൊക്കെ ഇപ്പം പറഞ്ഞിട്ടു കാര്യമുണ്ടോ...? കല്യാണം കഴിഞ്ഞേനു ശേഷവും നിനക്കു പഠിക്കാമെന്നു ഞാൻ പറഞ്ഞതല്ലേ...?"

"കല്യാണം കഴിഞ്ഞാലും പഠിക്കാലോ എന്ന വാക്കിൽ കബളിപ്പിക്കപ്പെട്ടിട്ടുള്ള എത്ര പെണ്ണുങ്ങളാണ് എന്നെപ്പോലെ ഇന്നിത് അനുഭവിക്കേണ്ടിവരുന്നത്. അന്നുമുതൽ ആരുടെയൊക്കെയോ ചരടുവലികളിൽ അകപ്പെട്ടിരിക്കുകയാണു ഞാൻ."

"നീ ആവശ്യമില്ലാതെ ഓരോന്നു പറയണ്ട. ഇതുകേട്ട് ആ കൊച്ചുംകൂടെ എന്നോട് ഇങ്ങനെ പറയാൻ തുടങ്ങണം. എനിക്ക് അതുംകൂടെ സഹിക്കാൻ വയ്യ."

'അവള് ഇതു കേൾക്കണം. അവളെങ്കിലും ഇത് അനുഭവിക്കരുത്. ഞാൻ കേട്ടതൊന്നും അവൾ കേൾക്കരുത്. പൊട്ടിച്ചിരിക്കുമ്പോൾ വായ പൊത്തിപ്പിടിക്കാനും, നിലത്തുനിൽക്കാനും, നിലയ്ക്കു നിൽക്കാനും, വായടക്കാനും, വയറടക്കാനും നിങ്ങൾ എന്നെ അന്നുമുതലേ പഠിപ്പിച്ചുകൊണ്ടേയിരുന്നു. കാരണം 'ഞാൻ പെണ്ണാണ്...' എന്നാൽ, എന്റെ മകളുടെ കണ്ണിൽനോക്കി ഞാൻ ഇപ്പോഴേ പറഞ്ഞുതുടങ്ങി. "നീ പെണ്ണാണ്, നല്ല ഉശിരുള്ള പെണ്ണ്. അഭിമാനമുള്ള, ആത്മവിശ്വാസമുള്ള പെണ്ണ്. ഉറക്കെ ചിരിക്കാൻ, തലനിവർത്തി നടക്കാൻ, ചിറകുവീശി പറക്കാൻ, ആർജവമുള്ള നല്ലൊന്നാന്തരം പെണ്ണ്. നീ പെണ്ണാണ്... നല്ലൊന്നാന്തരം പെണ്ണ്... "

ഇന്ദു ശിവയുടെയും ബന്ധുക്കളുടെയും മുഖത്തേക്കു നോക്കി. തങ്ങൾ ചെയ്തതു തെറ്റായിരുന്നു എന്ന കുറ്റബോധം ഒട്ടും തന്നെ ഇല്ലാതെ, ഇനിയും ഇവളുടെ സംസാരം കേൾക്കണമല്ലോ എന്ന ഭാവത്തിൽ ഇരിക്കുന്നു. ഇവരോട് ഇനി എന്തു പറഞ്ഞിട്ടും കാര്യമില്ല എന്ന് ഇന്ദുവിനു മനസ്സിലായി. അവൾ ശിവയോടു പറഞ്ഞു: നിങ്ങൾക്കു സ്നേഹത്തിന്റെ വിലയറിയില്ല. സ്നേഹിക്കുന്നോരുടെ മനസ്സുമറിയില്ല."

അവൾ തന്റെ മകളുടെ കൈപിടിച്ച്, വാതിലിന്റെ അടുത്തേക്കു നടന്നു. ഒന്നു തിരിഞ്ഞു നോക്കിയിട്ട് അവസാനമെന്ന പോലെ എല്ലാവരോടുമായി പറഞ്ഞു: "എന്റെയും എന്റെ കുഞ്ഞിന്റെയും കാര്യമോർത്ത്



ഇവിടെ ആർക്കും ആശങ്ക വേണ്ട. ഇന്നലെ അപേക്ഷിച്ച ജോലി ശരിയായിട്ടുണ്ട്. എത്ര കഷ്ടപ്പെട്ടിട്ടാണേലും ഞാൻ എന്റെ മോളെ വളർത്തും. ഒരു കുറവുമില്ലാതെ."

നിറമിഴികളോടെ അവൾ പടികളിറങ്ങി. എന്നാൽ, അവളുടെ ഉള്ളിൽ വസന്തമായിരുന്നു. വഴിയോരത്തെ ഗുൽമോഹർ മരം അവളുടെ മുകളിലേക്കു ചുവന്ന പൂക്കൾ പൊഴിച്ചു. കൊഴിഞ്ഞ തൂവലുകൾ ഓരോന്നായി പെറുക്കിയെടുത്ത് തന്റെ ചിറകുകളെ വിടർത്തിയെടുക്കാൻ അവൾ തീരുമാനിച്ചു. ഒരുപാട് നാളുകൾക്കുശേഷം ആകാശം കണ്ട ഒരു പക്ഷിയുടെ സന്തോഷത്തോടെ, അവൾ തന്റെ മകളുമായി ആ പാതയിലൂടെ മുമ്പോട്ടുനടന്നു.

■



**കാവ്യ ഭാസ്കർ**
സെന്റ് ജോസഫ്സ്
കോളജ് ഓഫ് റ്റീച്ചർ
എജ്യുക്കേഷൻ ഫോർ
വിമൻ, എറണാകുളം

കവിത

## എന്റെ കോട്ടയം

**കോട്ടയം @ 75**

എത്ര സുന്ദരമെന്റെ–
കോട്ടയമെന്തൊരഭിമാനം
അക്ഷരപ്പൂമൊട്ടു വിരിയും
സ്വർഗസാമ്രാജ്യം.

ഹരിതമണിയും
ഗ്രാമഭംഗികളെത്ര കമനീയം
പുഴകളാറുകൾ കായൽ
കാഴ്ചകളെത്ര കുളിരേകും.

വിശ്വപ്രതിഭകൾ
പിറന്ന നാടാണെന്റെ കോട്ടയം
എണ്ണിയാൽ കഥ തീരുമോ,
ആ വീരചരിതങ്ങൾ

അക്ഷരനഗരിയെന്നു
മറ്റൊരു പേരുമുള്ളീടം
ചരിത്രനായകർ
വന്നിറങ്ങിയ നാട് കോട്ടയം

വൈക്കം സത്യാഗ്രഹവു–
മങ്ങനെയെത്ര
സമരമുഖം
കണ്ടതാണീ കോട്ടയം
അതിലെന്തൊരാശ്ചര്യം.

മൂന്ന് എല്ലുകൾ ചേർന്നതാണീ
കോട്ടയം കേട്ടോ...
സാക്ഷരതയിൽ
ഒന്നാമനായൊരു
നാടുമിതുതന്നേ.

പട്ടണക്കാഴ്ചയിലു–
മൊട്ടും പിന്നിലല്ലെന്നേ
സ്നേഹമുള്ള
മനുഷ്യരാന്നേ കോട്ടയംകാര്

വികസനപദ്ധതികളെല്ലാം
വിജയമായൊരിടം
നേട്ടങ്ങൾ പലവിധം
കൈവരിച്ചൊരു നാട് കോട്ടയം

സ്വാഗതം സുസ്വാഗതം
പ്രിയമിത്രവന്ദ്യർക്കും
കോട്ടയം നഗരത്തിലേക്കു
കടന്നുവന്നാലും.

എന്റെ വര





**നവമി എസ്. നായർ**
എം.എ. ഹിസ്റ്ററി
സെന്റ് തോമസ് കോളജ്
പാലാ